# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(സാന്നിദ്ധ്യം: ശ്രീമതി. അനുപമ.റ്റി.വി, IAS)**

വിഷയം: സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി കെട്ടിട നിർമ്മാണം - തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ 40% തുക കൈമാറുന്നത് - സംബന്ധിച്ച്.

പരാമർശം:
1) സ.ഉ (സാധാ)നം. 148/2017/SJD തീയതി: 15-3-17.
2) സ.ഉ (സാധാ)നം. 149/2017/SJD തീയതി: 15-3-17.
3) ഉത്തരവ് നമ്പർ ICDS/A73187/16 തീയതി 18-3-17.
4) ഉത്തരവ് നമ്പർ ICDS/A7-30710/13 തീയതി 20-3-17.
5) പൊതുമരാമത്ത് ചീഫ് എൻജിനീയറുടെ 23-3-2017 തീയതിയിലെ FB7-2507/2017 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. ഐസിഡിഎസ്/എ7-3187/16 തീയതി : 24-3-2017**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തക്കുന്ന 200 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും 1370 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ശീർഷകം, യഥാക്രമം 4235-02-102-96 (P),4235-02-102-91(P)ത്തിൽ തുക വകയിരുത്തുകയും കെട്ടിട നിർമ്മാണ ചെലവായ 14.5 ലക്ഷം രൂപയുടേയും, കെട്ടിട നവീകരണ തുകയായ ഒരു ലക്ഷം രൂപയുടേയും 40% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാനും വ്യവസ്ഥ ചെയ്യുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം 4235-02-102-96(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1740 ലക്ഷം രൂപ (നിർമ്മാണ ചെലവിന്റെ 60%) ഉപയോഗിച്ച് 200 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും 4235-02-102-91(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 822 ലക്ഷം രൂപ (60%) ഉപയോഗിച്ച് 1370 അങ്കണ വാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും, നിർമ്മാണ-നവീകരണ പ്രവർത്തനങ്ങളുടെ 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന ഉറപ്പിന് വിധേയമായി പരാമർശം (1),(2) പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടവിക്കുകയുണ്ടായി.



PDF processed with CutePDF evaluation edition www.CutePDF.com

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന്റെയും നവീകരണ പ്രവർത്തനങ്ങളുടേയും 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3),(4) പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 200 അങ്കണവാടി കെട്ടിടങ്ങൾ 14.5 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നതിനും 1370 അങ്കണവാടി കെട്ടിടങ്ങൾ 1 ലക്ഷം രൂപ ക്രമത്തിൽ നവീകരിക്കുന്നതിനും അനുമതി നൽകി സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഡ്ജറ്റ് ശീർഷകത്തിന്റെ നിയന്ത്രണാധികാരി പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ ആയതിനാൽ പ്രസ്തുത നിർമ്മാണ,നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന്റേയും, നവീകരണത്തിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായ 40% തുക (കെട്ടിട നിർമ്മാണം 5,80,000/-രൂപയും അങ്കണവാടി കെട്ടിട നവീകരണത്തിന് 40,000/-രൂപയും) പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് പരാമർശം (5) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം കെട്ടിട നിർമ്മാണത്തിന്റെയും നവീകരണ പ്രവർത്തനങ്ങളുടേയും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായ 40% തുക അതാത് ജില്ല എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ പേരിൽ "8843-00-108 പിഡബ്ള്യു ഡെപ്പോസിറ്റ്" എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്നു. അതാത് ജില്ലകൾ ഡെപ്പോസിറ്റ് ചെയ്യേണ്ട എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ഈ സാഹചര്യത്തിൽ കെട്ടിടനിർമ്മാണത്തിന്റെയും നവീകരണപ്രവർത്തനങ്ങളുടേയും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായ 40% തുക ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള 8843-00-108-പിഡബ്ള്യു ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യാൻ ഉത്തരവാകുന്നു. ഡെപ്പോസിറ്റ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ എക്സിക്യൂട്ടീവ് എൻജിനീയർമാരെ അറിയിക്കേണ്ടതുമാണ്.

കെട്ടിട നിർമ്മാണത്തിനും, നവീകരണത്തിനുമായുള്ള തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുമാരമത്ത് വകുപ്പിന്റെ ശീർഷകത്തിൽ

ഒടുക്കുന്നുവെന്ന് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ.

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ.

പകർപ്പ് : 1) ചീഫ് എൻജിനീയർ,പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം.

2) ബന്ധപ്പെട്ട CDPOമാർ ( ഉത്തരവിന്റെ പകർപ്പ് (തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് കൈമാറേണ്ടതാണ്).

3) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

4) എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

ജികെ/24-3-17

**അനുബന്ധം**

**സാമൂഹ്യനീതി വകുപ്പ്**

**<u>അങ്കണവാടി കെട്ടിട നിർമ്മാണം-കെട്ടിട നവീകരണം-തദ്ദേശസ്വയംഭരണ വിഹിതമായ 40% ഡെപ്പോസിറ്റ് ചെയ്യേണ്ട പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ വിശദ വിവരം</u>**

**ഡെപ്പോസിറ്റ് ശീർഷകം : 8843-00-108- PW Deposit**

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, കൊല്ലം
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, പത്തനംതിട്ട
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, ആലപ്പുഴ
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, കോട്ടയം
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, എറണാകുളം
7. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, ഇടുക്കി
8. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, തൃശ്ശൂർ
9. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, മലപ്പുറം
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, പാലക്കാട്
11. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, കോഴിക്കോട്
12. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, വയനാട്, കൽപ്പറ്റ
13. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, കണ്ണൂർ,തലശ്ശേരി
14. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, കാസർഗോഡ്

TSS/March 24, 2017